# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **761** — 12.12.2012-ൽ മറുപടിക്ക്

## ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ : | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയിൽ പി.എച്ച്.സി.യിലും സബ് സെന്ററിലും എന്തൊക്കെ സേവനങ്ങൾ ലഭിക്കുമെന്ന് വ്യക്ത മാക്കാമോ ; | (എ) ജീവിതശൈലി രോഗനിയന്ത്രണത്തിനും ചികിത്സയ്ക്കുമായി സംസ്ഥാനത്ത് കേന്ദ്രസംസ്ഥാന പദ്ധതികൾ സംയുക്ത മായി നടപ്പിലാക്കി വരുന്നു. സംസ്ഥാന പദ്ധതിയനുസരിച്ച് 14 ജില്ലകളിലുമുള്ള സി.എച്ച്.സി./പി.എച്ച്.സി.കളിൽ ആഴ്ച യിൽ ഒരു ദിവസം പ്രവർത്തിക്കുന്ന എൻ.സി.ഡി. ക്ലിനിക്കു കൾ ആരംഭിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ജീവിത ശൈലി രോഗങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് 30 വയസ്സിനു മേൽ പ്രായമുള്ളവരെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയ മാക്കി, ജീവിത ശൈലിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കു റിച്ച് അവബോധവും, രോഗചികിത്സയും നൽകാനാണ് എൻ.സി.ഡി. ക്ലിനിക്കുകൾകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.<br>സബ് സെന്റർ തലത്തിൽ ആശാപ്രവർത്തകരുടെ സഹായത്തോടെ ജെ.എച്ച്.ഐ./ജെ.പി.എച്ച്.എൻ.-മാർ അതത് പ്രദേശത്ത് നിലവിൽ രോഗമുള്ളവരെ കണ്ടെ ത്തുന്നു. ഇതിനായി ആഴ്ചയിൽ ഒരു ദിവസം സബ് സെന്റർ ക്ലിനിക്കും പ്രതിമാസം മൂന്ന് ക്യാമ്പുകളും നടത്തുന്നു. ഇവി ടെ എത്തുന്നവരുടെ രക്തസമ്മർദ്ദം, രക്തത്തിലെ പഞ്ചസാര യുടെ അളവ്, ബോഡി മാസ് ഇൻഡക്സ് (ബി.എം.ഐ) എന്നിവ പരിശോധിച്ച് രോഗമുണ്ടെന്ന് സംശയിക്കുന്നവരെ കണ്ടെത്തി പി.എച്ച്.സി./സി.എച്ച്.സി.കളിലേയ്ക്ക് വിടുന്നു. അവിടെ വിദഗ്ദ ഡോക്ടർമാർ ഇവരെ പരിശോധിച്ച് രോഗ നിർണ്ണയവും ചികിത്സയും, ചികിത്സാ നിർദ്ദേശങ്ങളും നൽ കുന്നു. വിദഗ്ദ ചികിത്സ വേണ്ടവരെ കൂടുതൽ പരിശോധന കൾക്കായി ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നു. |
| (ബി) ഈ പദ്ധതിയിൽ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ സബ് സെന്ററിൽ നിന്നും ലഭ്യമാക്കാനാ വശ്യമായ നടപടി സ്വീകരി ക്കുമോ ? | (ബി) കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി. തലംവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഡോക്ടർമാർ/ഫാർമസിസ്റ്റ് എന്നിവർ പങ്കെടുക്കുന്ന സബ് സെന്റർ ക്ലിനിക്കുകളിലും ക്യാമ്പുകളിലും മരുന്നുകൾ വിതരണം ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ